സിറ്റിസൺ അസിസ്റ്റന്റ് സ്ഥിരം അദാലത്ത് സമിതി - ജില്ലാ തല അദാലത്ത് സമിതിയുടെ പരിഗണനയ്ക്കായി ലഭ്യമായ അപേക്ഷയിൽ തുടർ നടപടികൾ സ്വീകരിക്കുന്നതിനായി 11/11/2025 ന് (ചൊവ്വാഴ്ച) ഉച്ചയ്ക്ക് ശേഷം 2 മണിക്ക് ജോയിന്റ് ഡയറക്ടറുടെ അദ്ധ്യക്ഷതയിൽ ജോയിന്റ് ഡയറക്ടറുടെ കാര്യാലയത്തിൽ വെച്ച് യോഗം ചേർന്നു. യോഗത്തിൽ പങ്കെടുത്തവരും തീരുമാനങ്ങളും

----------------------------------------

1. ആർ ഷൈനി, ജോയിന്റ് ഡയറക്ടർ, എൽ എസ് ജി ഡി, കാസറഗോഡ്
2. ഷൈനി എൻ, എക്സിക്യൂട്ടീവ് എഞ്ചിനീയർ, എൽ എസ് ജി ഡി ഡിവിഷൻ, കാസറഗോഡ്
3. മനോജ് എൻ, അസിസ്റ്റന്റ് ഡയറക്ടർ, ജോയിന്റ് ഡയറക്ടറുടെ കാര്യാലയം
4. ടോമി ഫിലിപ്പ്, പള്ളി നിർമ്മാണ കമ്മിറ്റി കൺവീനർ
5. ഫാദർ ജോസഫ് അരീച്ചിറ
6. ജെന്നി കുര്യൻ,രാജപുരം
7. നിധിൻ കുമാർ .എസ്, ടൗൺ പ്ലാനർ, കാസറഗോഡ്
8. ചാന്ദിനി കെ കെ, അസിസ്റ്റന്റ് ടൗൺ പ്ലാനർ, കാസറഗോഡ്
9. വിശാലാക്ഷി ടി, സീനിയർ ക്ലാർക്ക്, ജോയിന്റ് ഡയറക്ടറുടെ കാര്യാലയം

കള്ളാർ ഗ്രാമ പഞ്ചായത്തിലെ രാജപുരം തിരുക്കുടുംബ ദൈവാലയത്തിന്റെ പഴയ കെട്ടിടം പൊളിച്ചു മാറ്റിയ സ്ഥലത്ത് പുതിയ കെട്ടിട നിർമ്മാണത്തിന് ലേ ഔട്ട് അനുമതിക്കായി ഫാദർ ജോസഫ് അരീച്ചിറ സമർപ്പിച്ച അപേക്ഷ കാസറഗോഡ് ജില്ലാ ടൗൺ പ്ലാനറുടെ കാര്യാലയത്തിൽ അകാരണമായി തടഞ്ഞു വെച്ചു എന്ന താണ് പരാതി

യോഗത്തിൽ പങ്കെടുത്ത ഫാദർ ജോസഫ് അരീച്ചിറ പരാതി സംബന്ധിച്ച കാര്യങ്ങൾ വിശദീകരിച്ചു. 18-06-2022 ദൈവാലയം അറ്റകുറ്റ പണി നടത്തി പുനർ നിർമ്മിക്കുന്നതിനും, സ്കൂൾ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനും, അസംബ്ലി ഹാൾ, മാനേജരുടെ വസതി എന്നിവ ക്രമവൽക്കരിക്കുന്നതിനും കള്ളാർ ഗ്രാമ പഞ്ചായത്തിൽ അപേക്ഷ നൽകി. ആയതിന്റെ ലേ ഔട്ടിന് കാസറഗോഡ് ടൌൺ പ്ലാനർ അനുമതി നൽകുകയും കള്ളാർ ഗ്രാമ പഞ്ചായത്തിൽനിന്നും അനുമതി ലഭിക്കുകയും ചെയ്തു. 31-10-2023 ന് ദൈവാലയ സംരക്ഷണ സമിതി എന്ന പേരിൽ മുൻസിഫ് കോടതിയിൽ ഒരു കൂട്ടം ഇടവകക്കാർ നൽകിയിരുന്ന Civil Miscellaneous Appeal (CMA) 08-04-2024 ന് ബഹുമാനപ്പെട്ട കോടതി തള്ളി കളഞ്ഞു.

63 വർഷം പഴക്കമുള്ള കുമ്മായവും മണലും മാത്രം ഉപയോഗിച്ച് പില്ലറുകൾ ഇല്ലാതെ നിർമ്മിച്ച കെട്ടിടമായതിനാൽ അറ്റകുറ്റ പണികൾ നടത്തി പുതിയ ദൈവാലയം നിർമ്മിക്കാൻ സാധിക്കില്ല എന്നും കെട്ടിടം സ്റ്റേബിൾ അല്ല എന്നും, എഞ്ചിനീയർ നിർദേശിച്ചു. അതിനാൽ പുതിയ ദൈവാലയം നിർമ്മിക്കുന്നതിന് പഞ്ചായത്ത് സെക്രട്ടറിക്ക് അപേക്ഷ നൽകുകയും സെക്രട്ടറി ടൌൺ പ്ലാനർക്ക് ആയതു തുടർനടപടികൾക്കായി സമർപ്പിക്കുകയും ചെയ്തു. വിദഗ്ദ്ധമായ പരിശോധനകൾക്ക് ശേഷം ജില്ലാ ടൌൺ പ്ലാനറുടെ നിർദ്ദേശ പ്രകാരം 17-08-2024, 28-08-2024, 22-10-2024, എന്നീ തീയതികളിൽ നിർദ്ദേശിച്ച ന്യൂനതകൾ പരിഹരിച്ച പ്ലാൻ പരിഗണനക്കായി ജില്ലാ ടൌൺ പ്ലാനറുടെ ഓഫീസിൽ വീണ്ടും സമർപ്പിച്ചു. കാഞ്ഞങ്ങാട് മുൻസിഫ് കോടതിയിൽ കേസ് നിലനിൽക്കുന്നതിനാൽ ലേ ഔട്ട് അനുമതി നിഷേധിക്കണം എന്നാവശ്യപ്പെട്ട് ദൈവാലയ

സംരക്ഷണ സമിതി ടൌൺ പ്ലാനർക്ക് കത്ത് നൽകുകയും ഈ വിഷയത്തിന്മേൽ വിശദീകരണം ടൌൺ പ്ലാനറുർ പള്ളി വികാരിയോട് ആവശ്യപ്പെട്ടുകയും അതിന് വിശദമായ മറുപടി നൽകുകയും ചെയ്തു. കോടതിയിൽ കേസ് നിലനിൽക്കുന്നതിനാൽ ലേ ഔട്ട് അനുമതിക്കുള്ള അപേക്ഷ പെൻഡിങ്ങിൽ വെക്കുകയും, 04- 04- 2023 ന് നൽകിയ ലേ ഔട്ട് അനുമതി റദ്ദാക്കുകയും ചെയ്തു.

27-04-2025 ന് പഴയ ദൈവാലയം പൊളിച്ച് മാറ്റി. 02-05-2025 ന് ദൈവാലയം പൊളിക്കുന്നതിനെതിരെ സബ് കോടതിയിൽ നൽകിയ അപ്പീൽ പരിഗണിച്ച അവസരത്തിൽ വാദി ഭാഗം വക്കീൽ നൽകിയ സത്യവാങ്മൂലത്തിന്റെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട കോടതി കേസ് ഡിസ്മിസ് ചെയ്തു. കേസ് ഡിസ്മിസ് ചെയ്തതിനാൽ ലേ ഔട്ട് അനുമതി പരിഗണിക്കുന്നതിനായി വീണ്ടും ടൌൺ പ്ലാനർക്ക് അപേക്ഷ നൽകി. ആയതിൽ 05-07-2025 ന് ചീഫ് ടൗൺ പ്ലാനറുടെ അഭിപ്രായം തേടിയിട്ടുണ്ട് എന്ന് വാക്കാൽ പറഞ്ഞു രേഖകളില്ല.

ലേ ഔട്ട് അനുമതി അനിശ്ചിതമായി നീണ്ടു പോകുന്ന സാഹചര്യത്തിൽ 15-07-2025 ന് ബഹുമാനപ്പെട്ട തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിക്ക് നിവേദനം നൽകി. ആയതിൽ സംസ്ഥാന അദാലത്ത് സമിതി പരിശോധിച്ച് തുടർ നടപടി സ്വീകരിക്കുന്നതിന് ബഹു: മന്ത്രി നിർദേശം നൽകി. മിനിസ്റ്റേഴ്സ് പോർട്ടലിൽ നൽകിയ പരാതിയിൽ മുൻസിഫ് കോടതിയിൽ കേസ് ഉള്ളതിനാൽ ലേ ഔട്ട് അനുമതി പരിഗണിക്കാൻ സാധിക്കില്ല എന്ന് ടൗൺ പ്ലാനർ റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ ജോയിന്റ് ഡയറക്ടറുടെ കാര്യാലയത്തിൽ നിന്ന് 27-09-2025 തീയ്യതിയിൽ പള്ളി വികാരിക്ക് അറിയിപ്പ് നൽകി.

മുൻസിഫ് കോടതിയിൽ ദൈവാലയം പൊളിക്കരുതെന്ന് പറഞ്ഞുള്ള കേസ് ഉള്ളതിനാൽ ലേ ഔട്ട് അനുമതി നിഷേധിച്ചത് നിയമവിരുദ്ധമാണെന്ന് കാണിച്ച് ടൌൺ പ്ലാനർക്കെതിരെ 06-10-2025 ന് ഹൈ കോടതിയിൽ പള്ളി വികാരി കേസ് ഫയൽ ചെയ്തു. ടൌൺ പ്ലാനർക്കെതിരെ ഹൈ കോടതിയിൽ കേസ് നൽകിയതിനാൽ സബ് ഡിസ്ട്രിക് അദാലത്തിൽ വിഷയം പരിഗണിക്കാൻ സാധിക്കില്ല എന്ന് 22/10/2025 ന അദാലത്തു പോർട്ടലിൽ രേഖപ്പെടുത്തിയിരുന്നു.

03-11- 2025 ന് ബഹു: ഹൈ കോടതി കേസ് പരിഗണിച്ചെങ്കിലും ഗവൺമെന്റ് പ്ലീഡർ സമയം ആവശ്യപ്പെട്ടതിനാൽ മറ്റൊരു ദിവസത്തേക്ക് മാറ്റിവെച്ചു.

കോട്ടയം രൂപതയുടെ കീഴിലുള്ള ഫെറോന പള്ളിയിൽ 2000 ആളുകൾ ഉണ്ട് പുതിയ പള്ളി നിർമിക്കാൻ നിർമ്മാണ കമ്മറ്റി രൂപീകരിച്ചു. 100 അംഗങ്ങൾ നിർമ്മാണ കമ്മിറ്റിയിൽ ഉണ്ട്. 2021 മുതൽ ഫണ്ട് സ്വരൂപിച്ചുവരുന്നു. 1943 ൽ ആദ്യത്തെ സംഘടിത കുടിയേറ്റം നടന്നത് ടി പ്രദേശത്താണ്. പള്ളി കെട്ടിട നിർമ്മാണം നടത്തുന്ന 9.5 ഏക്കർ ഭൂമി പള്ളി വികാരിയുടെയും കാലാകാലങ്ങളിൽ മാറി വരുന്ന ട്രസ്റ്റികളുടെയും ഉടമസ്ഥതയിലാണുള്ളത്. ഇടവകയിൽ 385 കുടുംബങ്ങൾ താമസിച്ച് വരുന്നതിൽ 11 കുടുംബങ്ങളാണ് പള്ളി പൊളിക്കുന്നതിനെതിരെ പരാതിയുമായി വന്നിട്ടുള്ളത്. പള്ളിയുടെ ലേ ഔട്ട് പ്ലാൻ അംഗീകരിച്ച് നൽകണമെന്ന് വികാരി ആവശ്യപ്പെട്ടു. അത് അംഗീകരിക്കുന്ന മുറയ്ക്ക് ടൗൺ പ്ലാനർക്കെതിരെ ഹൈക്കോടതിയിൽ നൽകിയ കേസ് നിരുപാധികം പിൻവലിക്കുന്നതാണെന്നും പള്ളി വികാരി അറിയിച്ചു.

കെട്ടിട നിർമ്മാണ ചട്ടം പാലിക്കപ്പെടുന്നുണ്ടെങ്കിൽ പള്ളിയുടെ നിർമ്മാണ ലേ ഔട്ട് - ന് അനുമതി നൽകുന്നതിൽ തടസ്സമില്ലെന്നും എത്രയും പെട്ടെന്ന് ആയതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും ജില്ലാ ടൗൺ പ്ലാനർ, കാസറഗോഡ് അറിയിച്ചു.

**<u>തീരുമാനം</u>**

കള്ളാർ ഗ്രാമ പഞ്ചായത്തിലെ രാജപുരം തിരുക്കുടുംബ ദൈവാലയ നിർമ്മാണത്തിന് ലേ ഔട്ട്

അനുമതി നൽകുന്നതിന് ഹൈക്കോടതിയുടെ സ്റ്റേ ഉത്തരവ് നിലവിലില്ലാത്തതിനാൽ കെട്ടിട നിർമ്മാണത്തിനുള്ള ലേ ഔട്ട് പ്ലാൻ പരിശോധിച്ച് കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായിട്ടുള്ള തീരുമാനമെടുക്കുന്നതിന് ടൗൺ പ്ലാനർ, കാസറഗോഡ് - നെ ചുമതലപ്പെടുത്തി.

യോഗം 2.50 ന് അവസാനിച്ചു.

Signed by
R Shyni
Date: 17-11-2025 16:17:19